പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 2508

17.08.2017 -ലെ മറുപടിയ്ക്ക്

# ഭവനം ഫൗണ്ടേഷനും അപ്നാ ഘർ പദ്ധതിയും

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ഡി.കെ.മുരളി : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) തൊഴിൽ വകുപ്പിനു കീഴിലുള്ള ഭവനം ഫൗണ്ടേഷൻ കേരള നടപ്പിലാക്കിയ പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ; | (എ) **അപ്നാഘർ പദ്ധതി** കേരളത്തിൽ ജോലി ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് വൃത്തിയുള്ളതും സുരക്ഷിതവുമായ പാർപ്പിടം ലഭേച്ഛയില്ലാതെ പ്രതിമാസ വാടക ഈടാക്കി നൽകുന്നതിന് വേണ്ടി തൊഴിലും നൈപുണ്യം വകുപ്പിന്റെ കീഴിൽ ഭവനം ഫൗണ്ടേഷൻ കേരള. പാലക്കാട് കിൻഫ്ര പാർക്കിൽ എല്ലാ സൗകര്യങ്ങളോടും കൂടി പണിത് നൽകുന്ന പാർപ്പിട പദ്ധതിയാണിത്. അപ്നാഘർ പദ്ധതി – പാലക്കാട് സ്കീമിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു.<br><br>**ജനനി പദ്ധതി:-** കേരളത്തിലെ അസംഘടിതമേഖലയിലെ വരുമാനം കുറഞ്ഞ തൊഴിലാളികൾക്കും ജോലിക്കാർക്കും സ്വന്തം അപ്പാർട്ട്മെന്റ് താങ്ങാവുന്ന വിലക്ക് നൽകുന്ന പദ്ധതിയാണിത്. നിലവിൽ എറണാകുളം ജില്ലയിലെ പെരുമ്പാവൂരിൽ 296 അപ്പാർട്ട്മെന്റ്കളുടെയും (715 sqft), ഇടുക്കി ജില്ലയിലെ അടിമാലിയിൽ 216 അപ്പാർട്ട്മെന്റ്കളുടെയും (645 sqft) നിർമ്മാണം പുരോഗമിച്ച് വരുന്നു.<br><br>**ഭവനം പദ്ധതി :-** "ഭവനം പദ്ധതി – തോട്ടം മേഖലയിൽ സ്വന്തം വീട് സ്കീം "(*'Bhavanam Project – Own Your Own Housing Scheme'*) വിഭാവനം ചെയ്തിരിക്കുന്നത്, കേരളത്തിലെ വീടില്ലാത്ത തോട്ടം തൊഴിലാളികൾക്ക് തോട്ടം മേഖലയിൽ തന്നെ സ്വന്തമായി വീട് നിർമ്മിച്ച് നല്കുന്നതിനായിട്ടാണ്. "ഭവനം പദ്ധതി - തോട്ടം മേഖലയിൽ സ്വന്തം വീട് സ്കീം" നടപ്പിലാക്കാനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിൽ ആണ്. |

| | |
|---|---|
| (ബി) 'അപ്നാ ഘര്‍' പദ്ധതി പ്രകാരം ഹോസ്റ്റല്‍ സമുച്ചയങ്ങള്‍ എവിടെയെല്ലാം നിര്‍മ്മിച്ചിട്ടുണ്ട്; | (ബി)യും (സി)യും പാലക്കാട് കിന്‍ഫ്ര പാര്‍ക്കില്‍, കഞ്ചിക്കോട് "അപ്നഘര്‍ പദ്ധതി – പാലക്കാട് സ്കീമിന്റെ" നിര്‍മ്മാണ പ്രവര്‍ത്തനങ്ങള്‍ പൂര്‍ത്തിയായി വരുന്നു. |
| സി) എവിടെയെങ്കിലും ഇവയുടെ പ്രവര്‍ത്തനം തുടങ്ങിയിട്ടുണ്ടോ; വിശദമാക്കാമോ? | |

Sreeula

**സെക്ഷന്‍ ഓഫീസര്‍**